## <u>കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഉത്തരവു നടപടികൾ</u>

നഗരകാര്യ മദ്ധ്യമേഖലാ ജോയിന്റ് ഡയറക്ടറാഫീസ്, കൊച്ചി - കുമ്പളം ഗ്രാമപഞ്ചായത്തിൽ കെ.പി.ബി.ആർ. ലംഘിച്ച് കെട്ടിടനിർമ്മാണം നടത്തിയതുമായി ബന്ധപ്പെട്ട് ശ്രീ.ഹബീബ് റ്റി.ബി. സൂപ്പർവൈസർ 'എ' യുടെ ലൈസൻസ് ഒരു വർഷത്തേക്ക് സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

---

നമ്പർ.ജി6-3231/2015 തീയതി : 18.03.2016

---

പരാമർശം:- 1. ബഹു.സർക്കാരിന്റെ 6.10.2015-ലെ 12138/ആർബി1/2015/തസ്വഭവ നമ്പർ കത്ത്.
2. ലൈസൻസി ശ്രീ.ഹബീബ് റ്റി.ബി.യുടെ 15.1.2016-ലെ വിശദീകരണം.

### <u>ഉത്തരവ്</u>

പരാമർശം (1) നോടൊപ്പം കുമ്പളം ഗ്രാമപഞ്ചായത്തിൽ ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ Surprise Inspection-ന്റെ റിപ്പോർട്ട് തുടർനടപടിക്കായി അയച്ചുതരികയുണ്ടായി. ആയതുപ്രകാരം ശ്രീ. അനസ് ഹസ്സൻ എന്നയാൾക്ക് ~~888.16~~ Sq.metre വലിപ്പത്തിലുള്ള കെട്ടിടം പണിയുന്നതിന് പ്ലാൻ തയ്യാറാക്കി പഞ്ചായത്തിൽ സമർപ്പിച്ചത് സൂപ്പർവൈസർ എ ഗ്രേഡിലുള്ള ശ്രീ. ഹബീബ് റ്റി.ബി.ആണെന്നും നിയമപരമായി 750 Sq.metre വരെയുള്ള കെട്ടിടങ്ങൾക്കുള്ള പ്ലാൻ വരയ്ക്കുന്നതിനു മാത്രം ക്ഷമതയുള്ള ടിയാന്റെ നടപടി ചട്ടവിരുദ്ധമാണെന്നതിനാൽ നടപടി സ്വീകരിക്കുന്നതിന് റിപ്പോർട്ടിൽ ശുപാർശ ചെയ്യുകയുണ്ടായി.

ഇതിന്റെ അടിസ്ഥാനത്തിൽ ലൈസൻസിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് സൂചന (2) പ്രകാരം സമർപ്പിച്ച മറുപടിയിൽ 2010 മുതൽ സൂപ്പർവൈസർ എ ആയി പ്രവർത്തിച്ചുവരികയാണെന്നും ശ്രീ. അനസ് ഹസ്സൻ എന്നയാൾ തന്നെ സമീപിച്ച് ഷോപ്പ് പണിയാൻ ഉദ്ദേശിക്കുന്നതായും ആയതിന് ബാങ്കിൽ നിന്നും ലോൺ എടുക്കുന്നതിനുവേണ്ടി കെട്ടിടത്തിന്റെ പ്ലാനും മറ്റും വരച്ചുകൊടുക്കാൻ ആവശ്യപ്പെട്ടതുപ്രകാരമാണ് പ്ലാൻ വരച്ചുനൽകിയതെന്നും പഞ്ചായത്തിലേക്ക് സമർപ്പിക്കുവാൻ പ്ലാൻ വരച്ചുകൊടുക്കുവാൻ തന്നോട് ആവശ്യപ്പെട്ടിരുന്നില്ലെന്നും തന്നെ തെറ്റിദ്ധരിപ്പിച്ച് ബാങ്കിൽ സമർപ്പിക്കാനാണെന്നു പറഞ്ഞ് പ്ലാൻ വരച്ചുവാങ്ങുകയാണുണ്ടായതെന്നും കെട്ടിട നിർമ്മാണവുമായി ബന്ധപ്പെടുകയോ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഒപ്പിട്ടുകൊടുക്കുകയോ ചെയ്തിട്ടില്ലാത്തതാണെന്നും എന്നിരുന്നാലും തന്റെ അശ്രദ്ധ മൂലമുണ്ടായ മന;പ്പൂർവ്വമല്ലാത്ത പിശക് മാപ്പാക്കുവാനും അപേക്ഷിക്കുകയുണ്ടായി.

മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 4.12.2014-ൽ ശ്രീ. അനസ് ഹസ്സൻ എന്നയാൾക്കുവേണ്ടി 888.16

Sq.metre -നുള്ള കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷയാണ് ലൈസൻസി ശ്രീ. ഹബീബ് റ്റി.ബി. ഒപ്പിട്ടു പഞ്ചായത്തിൽ സമർപ്പിച്ചിരിക്കുന്നതും ആയതിന്റെ അടിസ്ഥാന ത്തിൽ 8.12.2014-ൽ പഞ്ചായത്ത് പെർമിറ്റ് അനുവദിച്ചതും. Kerala Panchayat Building Rules, 2011 Appendix L പ്രകാരം 750 Sq.metre ഏരിയ വരെയുള്ള ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്നതിനും ഒപ്പുവയ്ക്കുന്നതിനും മാത്രമാണ് സൂപ്പർവൈസർ 'എ' ക്ക് അനു വാദ മുള്ളത്. Kerala Panchayat Building Rules 2011, Rule 144 പ്രകാരം നിയമ ങ്ങളും ചട്ടങ്ങളും സർക്കാരിന്റെയും പഞ്ചായത്തിന്റെയും നിർദ്ദേശങ്ങളും പാലിച്ചുകൊ ണ്ട് പ്ലാൻ തയ്യാറാക്കുന്നതിന് ലൈസൻസി ബാധ്യസ്ഥനാണ്. എന്നാൽ ഇതിനു വിരുദ്ധ മായി Kerala Panchayat Building Rules 2011 പ്രകാരം സൂപ്പർവൈസർ എ ലൈസൻസിക്കുള്ള അധികാരപരിധിയിൽ കൂടുതൽ ഏരിയക്കുള്ള പ്ലാൻ സമർപ്പിച്ചുനൽ കുകയെന്ന ചട്ടവിരുദ്ധമായ പ്രവർത്തിയാണ് ലൈസൻസിയുടെ ഭാഗത്തുനിന്നുണ്ടായിരി ക്കുന്നത്. ഇതിന് ലൈസൻസി നൽകിയ വിശദീകരണം ഒട്ടുംതന്നെ തൃപ്തികരമല്ല . ആയതിനാൽ ശ്രീ.ഹബീബ് റ്റി.ബി. എന്നയാളുടെ സൂപ്പർവൈസർ എ രജിസ്ട്രേഷൻ 28.3.2016 മുതൽ ഒരു വർഷത്തേക്ക് സസ്പെന്റ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. സസ്പെൻഷൻ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ലൈസൻസ് രേഖകൾ, ലൈസൻസി ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറാഫീസിൽ സമർപ്പിക്കേണ്ടതാണ്.

സി.സി.ശശിധരൻ
റീജിയണൽ ജോയിന്റ് ഡയറക്ടർ

ശ്രീ.ഹബീബ് റ്റി.ബി.
ലൈസൻസി (Reg.No.G6-3229/10/206/SA)
താണപറമ്പിൽ ഹൗസ്
നെട്ടൂർ പി.ഒ.
എറണാകുളം - 682 040

പകർപ്പ്:-

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് (കൊല്ലം, കോഴിക്കോട്)
3. മദ്ധ്യമേഖലയിലെ എല്ലാ നഗരസഭാസെക്രട്ടറിമാർക്കും
4. നഗരകാര്യ ഡയറക്ടർ,
   (To publish in the LSGD Website as per KMBR 1999 Rule 153(8)